REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-07-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **വയനാട് മേപ്പാടി തുരങ്കപാതക്ക് സമീപം കള്ളാടി മീനാക്ഷി പാലത്ത് വൻ മണ്ണിടിച്ചിൽ.**
- **രണ്ട് ദിവസത്തെ ബ്രിക്സ് വനിതാ മന്ത്രിതല യോഗം നാളെ കൊച്ചിയിൽ ആരംഭിക്കും.**
- **പരിഷ്കരിച്ച വിജിലൻസ് മാന്വൽ നാളെ തിരുവനന്തപുരത്ത് മന്ത്രി രമേശ് ചെന്നിത്തല പ്രകാശനം ചെയ്യും.**
- **സംസ്ഥാനത്ത് പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് അർജ്ജന്റീന, ഈജിപ്തിനെ നേരിടും.**

## വാർത്തകൾ വിശദമായി

വയനാട് മേപ്പാടി തുരങ്കപാതക്ക് സമീപം കള്ളാടി മീനാക്ഷി പാലത്ത് വൻ മണ്ണിടിച്ചിൽ. മണ്ണിനടിയിൽ കുടുങ്ങിയ അഞ്ചുപേരെ രക്ഷപ്പെടുത്തി. സ്ഥലത്ത് NDRFന്റെയും നാട്ടുകാരുടെയും നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. കൂടുതൽ ആളുകളും വാഹനങ്ങളും കുടുങ്ങിക്കിടക്കുന്നുണ്ടോ എന്ന പരിശോധന തുടരുന്നു. കനത്ത മഴയെ തുടർന്നായിരുന്നായിരുന്നു മണ്ണിടിച്ചിൽ.

കൂടുതൽ വിവരങ്ങളുമായി വയനാട്ടിൽ നിന്ന് അരുൺ വിൻസെന്റ്...

........വോയ്സ്.......

വയനാട് മണ്ണിടിച്ചിലിന്റെ പശ്ചാത്തലത്തിൽ ജില്ലയിലെ മന്ത്രി ടി. സിദ്ദിഖുമായി മുഖ്യമന്ത്രി വി.ഡി സതീശൻ അടിയന്തര കൂടിക്കാഴ്ച നടത്തി. രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കാൻ മന്ത്രിക്ക് നിർദ്ദേശം നൽകി. മന്ത്രി എ.പി അനിൽകുമാറിനോടും മന്ത്രി ടി.സിദ്ദിഖിനോടും വയനാട്ടിലേക്ക് പോകാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു.

കോഴിക്കോട്ടെ NDRF സംഘത്തോടും വയനാട്ടിൽ എത്താൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു. വയനാട് ജില്ലാ കളക്ടറുമായും മുഖ്യമന്ത്രി ഫോണിൽ സംസാരിച്ചു.

✪✪✪

ഇന്തോനേഷ്യൻ സന്ദർശനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി, പ്രസിഡന്റ് പ്രബോവോ സുബിയാന്റോയുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. പരസ്പര താൽപ്പര്യ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട്, ഇരു നേതാക്കളും ധാരണാപത്രങ്ങൾ കൈമാറി. ഇന്തോനേഷ്യയുടെ പരമോന്നത ബഹുമതിയായ 'ബിന്താങ് ആദിപൂർണ', പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് നൽകിയതായി പ്രസിഡന്റ് പ്രബോവോ സുബിയാന്റോ അറിയിച്ചു.

ജക്കാർത്തയിലെ പ്രസിഡൻഷ്യൽ കൊട്ടാരത്തിലായിരുന്നു ഇരുവരുടെയും കൂടിക്കാഴ്ച. നേരത്തെ പ്രധാനമന്ത്രിക്ക് കൊട്ടാരത്തിൽ ഊഷ്മള സ്വീകരണം ലഭിച്ചു. കൂടിക്കാഴ്ച, ഇരു രാജ്യങ്ങളും തമ്മിലെ സൗഹൃദത്തിന്റെയും, സഹകരണത്തിന്റെയും ആത്മാവിന് അടിവരയിടുന്നതായി നരേന്ദ്രമോദി പറഞ്ഞു. ഇന്തോനേഷ്യൻ രാഷ്ട്രപതി ഭവനമായ, ഇസ്താനാ മെർദേക്കയിലെ അതിഥി പുസ്തകത്തിൽ പ്രധാനമന്ത്രി ഒപ്പുവെച്ചു.

✪✪✪

രണ്ട് ദിവസത്തെ ബ്രിക്സ് വനിതാ മന്ത്രിതല യോഗം, നാളെ കൊച്ചിയിൽ ആരംഭിക്കും. യോഗത്തിൽ കേന്ദ്രമന്ത്രി അന്നപൂർണാ ദേവി പങ്കെടുക്കും. സ്ത്രീ നേതൃത്വം പ്രോത്സാഹിപ്പിക്കുക, സാമ്പത്തിക അവസരങ്ങൾ വികസിപ്പിക്കുക, ഡിജിറ്റൽ, സാമ്പത്തിക ഉൾപ്പെടുത്തൽ ശക്തിപ്പെടുത്തുക എന്നിവയുടെ ഉന്നതതല സംഭാഷണത്തിന് മന്ത്രിതല യോഗം വേദിയാകും.

ബ്രിക്സ് അംഗരാജ്യങ്ങളിലെ സഹകരണം മുന്നോട്ട് കൊണ്ടുപോകാൻ തന്ത്രപര നിർദ്ദേശങ്ങൾ യോഗത്തിൽ നൽകും. അനുഭവങ്ങൾ കൈമാറാനും, നൂതന സമീപനങ്ങൾ പങ്കിടാനും സ്ത്രീ ശാക്തീകരണത്തിനും യോഗം അവസരം നൽകും. ബ്രിക്സ് വനിതാ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന് ശേഷമാണ് മന്ത്രിതല യോഗം ആരംഭിക്കുന്നത്.

✪✪✪

പരിഷ്കരിച്ച വിജിലൻസ് മാന്വൽ നാളെ രാവിലെ തിരുവനന്തപുരം തൈക്കാട് പൊലീസ് ട്രെയിനിംഗ് കോളേജിൽ മന്ത്രി രമേശ് ചെന്നിത്തല പ്രകാശനം ചെയ്യും. 'പ്രോജക്ട് സീറോ ' പദ്ധതിയുടെ ഭാഗമായാണ് മാന്വൽ പരിഷ്കരിച്ചത്. ലോകായുക്ത ജസ്റ്റിസ് എൻ അനിൽ കുമാർ അദ്ധ്യക്ഷനാവുന്ന ചടങ്ങിൽ മന്ത്രി സി.പി ജോൺ മുഖ്യാതിഥിയാവും.

✪✪✪

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ആയി N. ശേഷാദ്രി നാഥൻ ചുമതലയേറ്റു. തിരുവനന്തപുരത്തെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ എത്തിയാണ് അദ്ദേഹം ചുമതലയേറ്റത്.

✪✪✪

വെനിസ്വേലയിലെ ഇരട്ട ഭൂകമ്പത്തിൽ 37 ബില്യൺ US ഡോളറിന്റെ ഭൗതിക നാശനഷ്ടമുണ്ടായതായി ഐക്യരാഷ്ട്ര സംഘടനയുടെ ഏറ്റവും പുതിയ റിപ്പോർട്ട്. വീടുകൾ, ബിസിനസ് സ്ഥാപനങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ, പൊതുസൗകര്യങ്ങൾ എന്നിവയുൾപ്പെടെ കെട്ടിടങ്ങൾക്ക് 24 ബില്യൺ ഡോളറിന്റെയും, അടിസ്ഥാന സൗകര്യങ്ങൾക്ക് 13 ബില്യൺ ഡോളറിന്റെയും നഷ്ടമുണ്ടായതാണ് കണക്ക്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വെനിസ്വേലൻ ഗവണ്മെന്റുമായി ഐക്യരാഷ്ട്ര സംഘടന ഏകോപിത പ്രവർത്തനങ്ങൾ തുടരുകയാണെന്ന്, വക്താവ് സ്റ്റെഫാൻ ദുജാറിക് അറിയിച്ചു.

✪✪✪

ഭൂകമ്പം ഉണ്ടായ വെനിസ്വേലയിൽ മരണസംഖ്യ 3,535 ആയി. 16,740 പേർക്ക് പരിക്കേറ്റതായും, ദേശീയ അസംബ്ലി പ്രസിഡന്റ് ജോർജ്ജ് റോഡ്രിഗസ് അറിയിച്ചു. 17,854 പേർക്കാണ് വീടുകൾ നഷ്ടമായത്.

✪✪✪

റബർ ബോർഡ് അംഗങ്ങളായി എംപിമാരായ ആന്റോ ആൻറണി, ക്യാപ്റ്റൻ ബ്രിജേഷ് ചൗത്ത, രാജ്യസഭ MP രാജിബ് ഭട്ടാചാര്യ, എന്നിവരെ നിയമിച്ച് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം ഉത്തരവിട്ടതായി റബർ ബോർഡ് ചെയർമാൻ N.ഹരി അറിയിച്ചു. ക്യാപ്ടൻ ബ്രിജേഷ് ചൗത്ത, കർണാടകയിലെയും രാജീബ് ഭട്ടാചാര്യ ത്രിപുരയിലെയും എംപിമാരാണ്. മൂന്ന് വർഷത്തേക്കാണ് നിയമനം.

✪✪✪

കൊച്ചിയിലെ കോറോ ഹെൽത്ത് കമ്പനി തുറക്കാത്തതിനെ തുടർന്ന് പൊലീസും, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരും സ്ഥലത്തെത്തി.

സംസ്ഥാന ഗവൺമെന്റ് നിർദേശത്തെ തുടർന്ന് ഉമ തോമസ് MLA യുടെ സാന്നിധ്യത്തിൽ ലേബർ കമ്മിഷണറുമായി കഴിഞ്ഞ ദിവസം നടത്തിയ ചർച്ചയിൽ, ഇന്ന് മുതൽ സ്ഥാപനം തുറന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ കമ്പനി വാക്ക് പാലിച്ചില്ല. ഓഫീസ് തുറക്കാത്തതിനെ തുടർന്ന് ജീവനക്കാർക്ക് ഇന്നും പുറത്ത് നിൽക്കേണ്ടി വന്നു.

വെള്ളിയാഴ്ച, മന്ത്രി ബിന്ദു കൃഷ്ണയുടെ നേതൃത്വത്തിൽ നടത്തുന്ന ചർച്ചയിലാണ് ഇനി ജീവനക്കാരുടെ പ്രതീക്ഷ.

✪✪✪

സംസ്ഥാനത്തെ റബ്ബർ കർഷകർക്കും, തോട്ടം മേഖലയ്ക്കും ആശ്വാസം പകർന്ന് വിപണിയിൽ റബ്ബർ വില സർവകാല റെക്കോർഡിലേക്ക്. ആഗോള വിപണിയിലെ ചലനങ്ങളും, ആഭ്യന്തര വിപണിയിലെ റബ്ബർ ദൗർലഭ്യവുമാണ് വില വർധനയ്ക്ക് കാരണം.

പ്രമുഖ ഇനമായ RSS-4 റബ്ബറിന്റെ വില, കിലോയ്ക്ക് 271 രൂപ എന്ന ചരിത്ര നിരക്കിലെത്തി. വർഷങ്ങളായി കടുത്ത പ്രതിസന്ധിയിലായിരുന്ന റബ്ബർ കർഷകർക്ക്, വില വർദ്ധിച്ചത് പ്രതീക്ഷ നൽകുന്നുണ്ട്.

✪✪✪

പത്തനംതിട്ട കൂടലിലെ ഒന്പതാം ക്ലാസ് വിദ്യാർഥിനിയുടെ വ്യാജ പീഡനപരാതിയിൽ കൂടുതൽ അന്വേഷണം നടത്തുന്നതിന് കോന്നി DYSP, MM. ജോസിനെ ചുമതലപ്പെടുത്തി.

പെൺകുട്ടിയുടെ പരാതി സംബന്ധിച്ച് വിശദമായി അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ സംസ്ഥാന പോലീസ് മേധാവി റവഡാ ചന്ദ്രശേഖർ പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയോട് നിർദേശിച്ചിരുന്നു.

പെൺകുട്ടി പരാതിപ്പെടാനുണ്ടായ സാഹചര്യം, കസ്റ്റഡിയിലെടുത്തവരെക്കുറിച്ച് പോലീസിനോടു പറഞ്ഞ കാര്യങ്ങൾ തുടങ്ങിയവ പ്രത്യേക സംഘം അന്വേഷിക്കും.

✪✪✪

സംസ്ഥാനത്ത് പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കേരളം - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും, കർണാടക തീരത്ത് നാളെ വരെയും മീൻ പിടുത്തതിന് വിലക്ക് ഏർപ്പെടുത്തി.

✪✪✪

കോഴിക്കോട് പുനൂർ പുഴയിൽ ഒഴുക്കിൽപ്പെട്ടയാളുടെ മൃതദേഹം കണ്ടെത്തി. എകരൂൽ സ്വദേശി ഷിജുവിന്റെ മൃതദേഹമാണ് അഗ്നി രക്ഷാസേനയും, സന്നദ്ധ പ്രവർത്തകരും നടത്തിയ തെരച്ചിലിൽ കണ്ടെത്തിയത്.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് അർജ്ജന്റീന, ഈജിപ്തിനെ നേരിടും. രാത്രി ഒൻപതരയ്ക്കാണ് മത്സരം.

ബെൽജിയവും സ്പെയിനും ക്വാർട്ടറിൽ പ്രവേശിച്ചു. ഒന്നിനെതിരെ നാല് ഗോളുകൾക്ക് അമേരിക്കയെയാണ് ബെൽജിയം പരാജയപ്പെടുത്തിയത്. പോർച്ചുഗലിനെ എതിരില്ലാത്ത ഒരു ഗോളിന് തകർത്താണ് സ്പെയിന്റെ ക്വാർട്ടർ പ്രവേശം.

✪✪✪

വിംബിൾഡൺ ടെന്നീസിൽ, പുരുഷ വിഭാഗം സിംഗിൾസിൽ ലോക ഒന്നാം നമ്പർ താരവും നിലവിലെ ചാമ്പ്യനുമായ ജാനിക് സിന്നർ ഇന്ന് ക്വാർട്ടർ ഫൈനലിൽ ജർമ്മനിയുടെ ജാൻ-ലെനാർഡ് സ്ട്രഫിനെ നേരിടും. മറ്റൊരു മത്സരത്തിൽ സെർബിയയുടെ നൊവാക് ജോക്കോവിച്ച് കനേഡിയൻ താരം ഫെലിക്സ് ഓഗർ-അലിയാ സെമിനുമായി ഏറ്റുമുട്ടും.

വനിതാ സിംഗിൾസിൽ അമേരിക്കൻ താരം ജെസീക്ക പെഗുല, കൊക്കോ ഗൗഫിനെയും, ചെക്ക് താരം കരോളിന മുച്ചോവ, ജപ്പാന്റെ നവോമി ഒസാക്കയെയും നേരിടും.

✪✪✪

പാലക്കാട് നഗരത്തിലെ പ്രധാന ജങ്ഷനുകളിലെ ഗതാഗതം സുഗമമാക്കാൻ സംയുക്ത പരിശോധന നാളെ നടത്തും. നഗരസഭയുടെ 'സിഗ്നൽ ഫ്രീ സിറ്റി' പദ്ധതിയുടെ ഭാഗമായാണ് പരിശോധന.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്...

........വോയ്സ്.....

പരിശോധനയിൽ ട്രാൻസ്പോർട്ട് ഓഫീസർമാർ പി. ഡബ്ല്യൂ. ഡി, റയിൽവെ, ദേശീയ പാത അതോറിറ്റി അധികൃതർ, പോലീസ്, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

ഓലവക്കോട്, പഴയ ഒട്ടുകമ്പനി, നൂറണി, മിഷൻ സ്കൂൾ, എസ്. ബി. ഐ, ഐഎംഎ, കൽമണ്ഡപം, ജങ്ഷനുകൾ എന്നിവിടങ്ങളിലാണ് പരിശോധന

നടത്തുക. ഇതിന് ശേഷം നടപ്പാക്കാവുന്ന പരിഷ്കാരങ്ങൾ സംഘം നിർദ്ദേശിക്കും. ഇതിന്റെ അടിസ്ഥാനത്തിമായിരിക്കും തുടർ നടപടികൾ ഉണ്ടാവുക.

✪✪✪

ബംഗ്ളൂരുവിലെ ആശുപത്രിയിൽ മരണമടഞ്ഞ കണ്ണൂർ ഇരിവേരി സ്വദേശി ഷാനവാസിന്റെ മൃതദേഹം പുറത്തെടുത്ത് പോസ്റ്റ്മോർട്ടം ചെയ്യുന്ന നടപടി തുടങ്ങി. ഭാര്യ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ, തളിപ്പറമ്പ് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവിലാണ് മൃത ദേഹം പോസ്റ്റ്മോർട്ടം ചെയ്യുന്നത്. ചികിത്സാ പിഴവാണ് മരണത്തിന് കാരണമെന്നാണ് ഭാര്യയുടെ ആരോപണം.

✪✪✪

കണ്ണൂർ പഴശ്ശി ഡാമിന്റെ 16 ഷട്ടറുകളിൽ 15 എണ്ണം ഉയർത്തി. ഡാമിലെ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ഒരു മീറ്ററാണ് ഷട്ടറുകൾ ഉയർത്തിയത്. ഷട്ടറുകൾ തുറന്നതിനെ തുടർന്ന് വളപട്ടണം പുഴയിൽ ജലനിരപ്പ് ഉയർന്നു.

✪✪✪

അടുത്ത വർഷത്തെ ആറ്റുകാൽപൊങ്കാല മഹോത്സവം ഫെബ്രുവരി 14 മുതൽ 23 വരെ നടത്തും. 14ന് കാപ്പ്കെട്ടും, 22-ന് ആറ്റുകാൽ പൊങ്കാലയുമാണ്. പൊങ്കാല ദിവസം രാവിലെ 10ന് അടുപ്പ് വെട്ട് ചടങ്ങ് നടത്തും. ഉച്ചയ്ക്ക് ശേഷം 2.20 നാണ് പൊങ്കാല നിവേദ്യം.

✪✪✪

ഇന്ന് ആഗോള ക്ഷമാദിനം. വ്യക്തികൾക്കും സമൂഹങ്ങൾക്കുമിടയിൽ ക്ഷമയും അനുരഞ്ജനവും പ്രോത്സാഹിപ്പിക്കുക, പകയും വിദ്വേഷവും ഉപേക്ഷിച്ച് മാനസിക സമാധാനം വളർത്തിയെടുക്കുക എന്നിവയാണ് ദിനാചരണ ലക്ഷ്യം. 'ക്ഷമയിലൂടെ സൗഖ്യവും സമാധാനവും' എന്നതാണ് ഈ ദിവസത്തിന്റെ മുഖ്യസന്ദേശം.

✪✪✪

ലഹരിക്കെതിരായ ജനകീയ ദൗത്യം ഓപ്പറേഷൻ തൂഫാന് പിന്തുണ പ്രഖ്യാപിച്ച്, വൈകീട്ട് കൊല്ലത്ത് സംഘടിപ്പിക്കുന്ന 'ജ്വാല 2026' പരിപാടിയിൽ രണ്ടായിരത്തോളം വനിതകൾ പങ്കെടുക്കും. മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. കൊല്ലം സിറ്റി പോലീസിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സംഗമത്തിൽ, മന്ത്രിമാരായ പി.സി വിഷ്ണുനാഥ്, ബിന്ദുകൃഷ്ണ, ഷിബു ബേബി ജോൺ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

കോതമംഗലം പൂയംകുട്ടിക്ക് സമീപം കൂവപ്പാറയിൽ കാട്ടാന കിണറ്റിൽ വീണു. രാത്രി കാടിറങ്ങിയ ആനക്കൂട്ടത്തിൽ ഉണ്ടായിരുന്ന കൊമ്പനാണ് അപകടത്തിൽപ്പെട്ടത്.

ആനയുടെ തുമ്പിക്കൈയ് അറ്റം മുറിഞ്ഞുതൂങ്ങിയ നിലയിലാണ്. വനപാലകർ ആനയെ കരയ്ക്ക് കയറ്റാൻ ശ്രമങ്ങൾ ആരംഭിച്ചെങ്കിലും, നാട്ടുകാർ തടഞ്ഞു.

അടിയന്തര ചികിത്സ നൽകിയ ശേഷം റേഡിയോ ട്രാക്കിംഗ് കോളർ ഘടിപ്പിച്ച് ഉൾവനത്തിലേക്ക് ആനയെ മാറ്റണമെന്നാണ് നാട്ടുകാരുടെ ആവശ്യം. പ്രദേശത്ത് പ്രതിഷേധം തുടരുകയാണ്.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team: എ വി ഫർദിസ്,ശരണ്യ രാജൻ*
*DEO: സി കെ സുബോധ്*